# ഡച്ച് ‘ഫിത്ന’: ഒരു അവലോകനം

[Malayalam]

# البحث عن الفيلم الهولندي: "فتنة"

[ باللغة مليالم ]


സുഫ്‌യാന്‍ അബ്ദുസ്സലാം

إعداد : سفيان عبدالسلام

എഡിറ്റര്‍: ഉദിനൂര്‍ മുഹമ്മദ് കുഞ്ഞി

مراجعة : محمد كنهي حميد



കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض-المملكة العربية السعودية

islamhouse.com

1429 – 2008

ഏതൊരു ആദർശവും വിമർശിക്കപ്പെടുക സ്വാഭാവികമാണ്. ആരോഗ്യകരമായ വിമർശനങ്ങളും നിരൂപണങ്ങളും ആവിഷ്ക്കാരങ്ങളും മനുഷ്യസമൂഹത്തിന്റെ ചിന്താ മണ്ഡലങ്ങളിൽ ഗുണപരമായ ചലനങ്ങൾ സൃഷ്ടിക്കും. ഇസ്ലാമിനെക്കുറിച്ചും ഇസ്ലാമികാദർശത്തെക്കുറിച്ചുമുള്ള പരാമർശങ്ങളെ മുസ്ലിംലോകം കണ്ണടച്ച് എതിർക്കാറില്ല. ഇസ്ലാമിനെതിരെ ആർക്കും ഒന്നും പറയാൻ അവകാശമില്ലെന്ന ധാരണയും മുസ്ലിംകൾ വെച്ചു പുലർത്താറില്ല. അബദ്ധധാരണകളിൽ നിന്നും അജ്ഞതയിൽ നിന്നും തെറ്റിദ്ധരിപ്പിക്കലുകളിൽ നിന്നും ഉൽഭൂതമാകുന്ന ചോദ്യങ്ങളെയും വിമർശനങ്ങളെയും ഇസ്ലാം ശത്രുതാപരമായി കാണാറില്ല. സദുദ്ദേശപരമായി അത്തരം ചോദ്യങ്ങൾ ഉന്നയിക്കുകയും വിമർശിക്കുകയും ചെയ്തവരിൽ പലർക്കും പിന്നീട് യഥാർത്ഥ ദൈവിക മാർഗ്ഗത്തെ പുൽകാൻ സാധിച്ചതായി നമുക്കു കാണാം.

അന്യമതസ്ഥരുടെ ആരാധനാ മൂർത്തികളെ അപഹസിക്കരുതെന്ന് പഠിപ്പിച്ച ഇസ്ലാമിക ദർശനത്തെ ആദർശമായി അംഗീകരിച്ച വ്യക്തികളും സമൂഹങ്ങളും അതുകൊണ്ടു തന്നെ മറ്റുള്ള മതവിഭാഗങ്ങളെ പ്രകോപിപ്പിക്കുന്ന സമീപനങ്ങൾ വെച്ചു പുലർത്താറില്ല. അതേ സമയം ഇസ്ലാമിനെ ആദർശപരമായി നേരിടുന്നതിൽ പരാജയപ്പെടുന്നവർ ഇസ്ലാം എന്ന സമാധനത്തിന്റെയും സമർപ്പണത്തിന്റെയും സന്ദേശത്തിന്റെ സുന്ദരമുഖത്ത് ചെളിവാരിയെറിയാനും ഇസ്ലാം ഭീകരത

യാണെന്ന് പ്രചരിപ്പിക്കുവാനുമാണ് എക്കാലവും ശ്രമിച്ചിട്ടുള്ളത്.

അത്തരം അപഹാസ്യ ശ്രമങ്ങളിലൊന്നാണ് 'ഫിത്ന' എന്ന ഡച്ച് സിനിമയിലൂടെ ഹോളണ്ടിലെ വലതുപക്ഷ വിഭാഗത്തിൽ പെട്ട 'ഫ്രീഡം പാർട്ടി'യുടെ പാർലമന്റ് മെമ്പർ ഗീർട്ട് വിൽഡർസ് നടത്തിയിരിക്കുന്നത്. ഇസ്ലാമിനെയും മുസ്ലിംകളെയും അവമതിക്കുന്നതിനും അവർ ഭീകരവാദികളും തീവ്രവാദികളുമാണെന്ന് വരുത്തിത്തീർക്കുന്നതിനും വേണ്ടിയുള്ള ഇത്തരം ശ്രമങ്ങൾ വിവരദോഷികളായ ആളുകളിൽ നിന്നുണ്ടായിത്തീരുമ്പോൾ മുസ്ലിം സമൂഹത്തിന്റെ പ്രതികരണവും വിമർശനങ്ങളും അത്തരം സാമൂഹ്യ ദ്രോഹികളുടേതിനു സമാനമായ രൂപത്തിലായിക്കൂടാ. ക്ഷമയുടെയും സഹനത്തിന്റെയും മാർഗ്ഗം പഠിപ്പിച്ച പ്രവാചകാനുയായികളിൽ നിന്നും അക്രമവും പരനിന്ദയും പുലഭ്യവും ഉണ്ടായിക്കൂടാ. സംയമനത്തിന്റെ അതിർവരമ്പുകൾ പരിരക്ഷിക്കപ്പെടണം.

സത്യവും അസത്യവും തമ്മിലുള്ള പോരാട്ടത്തിന് മനുഷ്യനോളം പഴക്കമുണ്ട്. അസത്യം ചില സന്ദർഭങ്ങളിൽ താൽക്കാലിക വിജയം നേടാറുണ്ടെന്നത് ശരിയാണെങ്കിലും അന്തിമ വിജയം എപ്പോഴും സത്യത്തിന്റെ കൂടെയാണ്. പരാജയപ്പെടുമ്പോൾ കൊഞ്ഞനം കുത്തുക എന്നത് അസത്യത്തിന്റെ മാത്രം സവിശേഷതയാണ്. ഭൂതകാലങ്ങളിൽ ഇതുപോലെയുള്ള ഒട്ടനവധി ഗൂഢപദ്ധതികളെ ഇസ്ലാം അതിജീവിച്ചു. കാരണം അത് ദൈവികമതമാണ്. ഇസ്ലാമികാദർശത്തെ സംരക്ഷിക്കുകയെന്നത് ദൈവിക നിയമങ്ങളിൽ പെട്ടതാണ്.

ഇപ്പോൾ ഇവിടെയുണ്ടായ പുതിയ സംഭവം ഇസ്ലാമിനെതിരെ അഹോരാത്രം പരിശ്രമിച്ച് പരാജയപ്പെട്ട മനുഷ്യ-ജിന്ന് വർഗ്ഗങ്ങളിലെ ദുശ്ശക്തികളുടെ നിരാശയുടെ ബഹിർസ്ഫുരണങ്ങൾ മാത്രമാണ്.

ഇസ്ലാമിനെ അപകീർത്തിപ്പെടുത്തി മുസ്ലിം മനസ്സുകളെ പ്രകോപിപ്പിച്ച് പ്രസിദ്ധി നേടി രാഷ്ട്രീയ നേട്ടങ്ങളുണ്ടാക്കുകയാവാം വിൽഗർഡിന്റെ ആഗ്രഹം. പതിനേഴ് മിനിട്ട് മാത്രം ദൈർഘ്യമുള്ള ഈ സിനിമ മുഴുവനും കളവുകളും കെട്ടിച്ചമയ്ക്കലുകളും മാത്രമാണ്. ജൂത വിഭാങ്ങളെ പ്രീതിപ്പെടുത്താനുതകുന്ന കുറെ ഇനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

***ഈ ക്ഷുദ്രാവിഷ്കരണത്തെ സംബന്ധിച്ച നിരീക്ഷണങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.***

***1. വിശുദ്ധ ഖുർആനിലെ വചനങ്ങളെ അസാന്ദർഭികമായി ഉദ്ദരിക്കുകയും അർത്ഥത്തിൽ ഗുരുതരമായ കൃത്രിമങ്ങൾ നടത്തുകയും ചെയ്തു.***

ഉദാഹരണം: പ്രതിരോധ സന്നാഹങ്ങൾ ഒരുക്കുന്നതിന്നായി അവതരിക്കപ്പെട്ട വചനം:

وَأَعِدُّواْ لَهُم مَّا اسْتَطَعْتُم مِّن قُوَّةٍ وَمِن رِّبَاطِ الْخَيْلِ تُرْهِبُونَ بِهِ عَدْوَّ اللّهِ وَعَدُوَّكُمْ وَآخَرِينَ مِن دُونِهِمْ لاَ تَعْلَمُونَهُمُ اللّهُ يَعْلَمُهُمْ وَمَا تُنفِقُواْ مِن شَيْءٍ فِي سَبِيلِ اللّهِ يُوَفَّ إِلَيْكُمْ وَأَنتُمْ لاَ تُظْلَمُونَ (الانفال – 60)

"അവരെ നേരിടാൻ വേണ്ടി നിങ്ങളുടെ കഴിവിൽപ്പെട്ട എല്ലാ ശക്തിയും കെട്ടി നിർത്തിയ കുതിരകളെയും

നിങ്ങൾ ഒരുക്കുക. അതു മുഖേന അല്ലാഹുവിന്റെയും നിങ്ങളുടെയും ശത്രുവെയും അവർക്കു പുറമെ നിങ്ങൾ അറിയാത്തവരും അല്ലാഹു അറിയുന്നവരുമായ മറ്റു ചിലരേയും നിങ്ങൾ ഭയപ്പെടുത്താൻ വേണ്ടി." (ഖുർആൻ 8:60).

ഈ വചനത്തിലെ 'ഭയപ്പെടുത്താൻ' എന്ന പദം അടർത്തിയെടുത്ത് ഇസ്ലാം ഭീകരതക്ക് തുല്യമാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുകയാണ് സിനിമാ നിർമ്മാതാവ് ചെയ്യുന്നത്.

യഥാർത്ഥത്തിൽ ഇന്ന് ലോക രാഷ്ട്രങ്ങളെല്ലാം സ്വന്തം രാജ്യങ്ങളുടെ പരമാധികാരം സംരക്ഷിക്കുന്നതിനു വേണ്ടിയും ശത്രു രാജ്യങ്ങളിൽ നിന്നുള്ള അക്രമങ്ങളെ ചെറുക്കുന്നതിനു വേണ്ടിയും സൈന്യ സന്നാഹങ്ങൾ നടത്തുന്നതും ആയുധങ്ങൾ ശേഖരിക്കുന്നതും എല്ലാവർക്കും അറിയുന്ന കാര്യമാണ്. എല്ലാ രാജ്യങ്ങൾക്കും അവരുടേതായ പ്രതിരോധ സംവിധാനങ്ങളുണ്ട്. അതിനെ ആരും ഭീകരവാദമായി കാണാറില്ല. അതിന്റെ ആവശ്യവുമില്ല. സമാധാനം ആഗ്രഹിക്കുന്നവരുമായി ഇസ്ലാം യുദ്ധം പാടില്ലെന്ന് പഠിപ്പിച്ചു. സമാധാനത്തിനു തയ്യാറായി വരുന്നവരുമായി ഉടനെ സമാധാന ഉടമ്പടികൾ ചെയ്യണമെന്ന് നടേ സൂചിപ്പിച്ച സൂക്തത്തിനു ശേഷം വരുന്ന വചനം പഠിപ്പിക്കുകയും ചെയ്യുന്നു.

وَإِن جَنَحُوا لِلسَّلْمِ فَاجْنَحْ لَهَا وَتَوَكَّلْ عَلَى اللَّهِ إِنَّهُ هُوَ السَّمِيعُ الْعَلِيمُ

(الانفال – 61)

"ഇനി അവർ സമാധാനത്തിലേക്ക് ചായ്വ് കാണിക്കുകയാണെങ്കിൽ നീയും അതിലേക്ക് ചായ്വ് കാണിക്കുകയും അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ചെയ്യുക." (ഖുർആൻ 8:61).

ഇസ്ലാം ഭീകരതായാണെന്ന് വരുത്തിത്തീർക്കാൻ വിൽഡർസ് ദുർവ്യഖ്യാനിച്ച് അവതരിപ്പിച്ച മറ്റൊരു ഖുർആനിക വചനം ഇപ്രകാരമാണ്.

إِنَّ الَّذِينَ كَفَرُوا بِآيَاتِنَا سَوْفَ نُصْلِيهِمْ نَارًا كُلَّمَا نَضِجَتْ جُلُودُهُمْ بَدَّلْنَاهُمْ جُلُودًا غَيْرَهَا لِيَذُوقُوا الْعَذَابَ إِنَّ اللَّهَ كَانَ عَزِيزًا حَكِيمًا (النساء –56)

"തീർച്ചയായും നമ്മുടെ തെളിവുകളെ നിഷേധിച്ചവരെ നാം നരകത്തിലിട്ട് കരിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തു പോകുമ്പോഴെല്ലാം അവർക്ക് നാം വേറെ തൊലികൾ മാറ്റികൊടുക്കുന്നതാണ്. അവർ ശിക്ഷ ആസ്വദിച്ച് കൊണ്ടിരിക്കാൻ വേണ്ടിയാണത്." (ഖുർആൻ 4:56).

ഇസ്ലാമിന്റെ വിമർശകരെ മുഴുവൻ കത്തിച്ചു കളയണമെന്നാണത്രെ ഈ വചനം പഠിപ്പിക്കുന്നത്!! സത്യനിഷേധികൾക്ക് സർവ്വശക്തനായ തമ്പുരാൻ പരലോകത്ത് സമ്മാനിക്കുന്ന ശിക്ഷയെ കുറിച്ച് പ്രതിപാദിക്കുന്ന ഈ വചനത്തെ എത്ര ക്രൂരമായാണ് വിൽഡർസ് ദുർവ്യാഖ്യാനിച്ചിരിക്കുന്നത്. ഇസ്ലാമിന്റെ 'ക്രൂരതകളെ' മാത്രം അന്വഷിച്ചിറങ്ങിയ വിമർശകൻ തൊട്ടടുത്ത വചനം കാണാതെ പോയത് അയാളിലെ ഇസ്ലാം വിരുദ്ധ വികാരത്തിന്റെ ആഴത്തെ നമുക്ക മനസ്സിലാക്കിത്തരുന്നു.

وَالذِينَ آمَنُوا وَعَمِلُوا الصالِحَاتِ سَنُدْخِلُهُمْ جَناتٍ تَجْرِي مِن تَحْتِهَا الأَنهَارُ خَالِدِينَ فِيهَا أَبَدًا لَهُمْ فِيهَا أَزْوَاجٌ مطَهرَةٌ وَنُدْخِلُهُمْ ظِـلاًّ ظَلِيلاً
(النساء –57)

"വിശ്വസിക്കുകയും സൽപ്രവൃത്തികളിലേർപ്പെടുകയും ചെയ്തവരാകട്ടെ താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന സ്വർഗ്ഗത്തോപ്പുകളിൽ നാം അവരെ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ നിത്യവാസികളായിരിക്കും. അവർക്കവിടെ പരിശുദ്ധായ ഇണകളുണ്ടായിരിക്കും. സ്ഥിരവും ഇടതൂർന്നതുമായ തണലിൽ നാമവരെ പ്രവേശിപ്പിക്കുകയും ചെയ്യും.'' (ഖുർആൻ 4:57)

## *2. കൽപ്പിത ചിത്രങ്ങളും കെട്ടിച്ചമയ്ക്കപ്പെട്ട കഥകളുമാണ് വിൽഡർസിന്റെ മറ്റു ചില ആയുധങ്ങൾ*

*ഉദാഹരണം 1:* ശിയാക്കളിലെ റാഫിദ വിഭാഗത്തിൽപ്പെട്ടവർ മൂർച്ചയേറിയ ആയുധങ്ങൾ ഉപയോഗിച്ച് സ്വയം മുറിവേൽപ്പിക്കുകയും അവരുടെ ശിരസ്സുകളിൽ നിന്ന് രക്തം വാർന്നൊഴുകുന്ന ഒരു ചിത്രം ഇസ്ലാമിന്റെ ഭീകരതക്കുദാഹരണമായി വിൽഡർസ് കാണിക്കുന്നു. ഒന്നാമതായി ഇസ്ലാമിക ശരീഅത്ത് ഇങ്ങനെ ഒരാചാരം പഠിപ്പിക്കുന്നില്ല. ഇസ്ലാമിന്റെയും മുസ്ലിംകളുടെയും പേരിൽ നിരവധി അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിലനിൽക്കുന്ന്. അവയിലൊന്നാണിതെന്ന് വിമർശകന് അറിയാഞ്ഞിട്ടല്ല. മറ്റു മതസ്ഥരെ ഇസ്ലാം പഠിപ്പിക്കാത്ത ഈ അനാചരത്തിലൂടെ ശിയാക്കൾ കുത്തിപ്പരിക്കേൽപ്പിക്കുന്നില്ല എന്ന കാര്യവും വിമർശകനറിയാഞ്ഞിട്ടല്ല. എങ്കിലും ഇതിലൂടെ സാമാന്യ ലോകത്തിനു മുമ്പിൽ ഇസ്ലാമിനെ മോശമായി

ചിത്രീകരിക്കാൻ സാധിക്കുമല്ലോ എന്ന ആത്മനിർവൃതി യാണ് അയാൾക്ക് പ്രേരണയാവുന്നത്.

*ഉദാഹരണം 2:* "ദൈവം ഹിറ്റ്ലറെ അനുഗ്രഹിക്കട്ടെ" (God bless Hitler) എന്ന പ്ലക്കാർഡ് കൈയിലേന്തി നിൽക്കുന്ന ഒരു മുസ്ലിം സ്ത്രീയുടെ ചിത്രമാണ് ഇസ്ലാം ഭീകരമാണെന്ന് വരുത്തിത്തീർക്കാൻ വിൽഡർസ് കാ ണിക്കുന്ന മറ്റൊരു ചിത്രം. ലോകത്ത് കേട്ടുകേൾവി പോലുമില്ലാത്ത ഒരു നുണ മാത്രമാണിത്. യഥാർത്ഥ വിശ്വാസമുൾക്കൊവർക്കു വേണ്ടി മാത്രം ദൈവാ നുഗ്രഹത്തിനായി പ്രാർത്ഥിക്കുന്ന മുസ്ലിം സമൂഹം ഹിറ്റ്ലർക്കു വേണ്ടി പ്രാർത്ഥിക്കുന്നു എന്നു പറയുന്നത് എത്ര വലിയ ദുരാരോപണമാണ്. വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ ജൂത വിഭാഗത്തിന്റെ പിന്തുണ ലഭിക്കാൻ വേണ്ടി ചെയ്യുന്ന ചില വ്യായാമങ്ങൾ മാത്രമാണോ ഇതെന്ന് സംശയിക്കേിയിരിക്കുന്നു.

### *3. മുസ്ലിംകളെയും ഇതര മതസ്ഥരെയും തമ്മിലടി പ്പിക്കാൻ വേണ്ടി മാത്രം നിർമ്മിച്ച ചില വീഡിയോ ക്ലിപ്പിംഗുകൾ.*

*ഉദാഹരണം 1:* പർദ്ദയണിഞ്ഞ ഒരു മുസ്ലിം പെൺകുട്ടി യോട് ജൂത–കൃസ്തീയ വിഭാഗങ്ങളെക്കുറിച്ച് അഭിപ്രാ യം ആരായുകയും കുട്ടി അവരെ കുറിച്ച് അവർ കുരങ്ങ ന്മാരും പന്നികളുമാണെന്ന് പറയുന്ന ഒരു വീഡിയോ ഈ ഫിലിമിൽ കാണിക്കുന്നു. (കുട്ടി അഭിനയിക്കു കയാണെന്നത് തീർച്ചയാണ്). ജൂത–കൃസ്തീയ വിഭാഗ ങ്ങളെക്കുറിച്ച് ഇങ്ങനെ ഒരു അഭിപ്രായം ഇസ്ലാമിക

പ്രമാണങ്ങൾക്കൊ മുസ്ലിം പണ്ഡിതന്മാർക്കൊ മുസ്ലിം ബഹുജനങ്ങൾക്കൊ ഇല്ല.

*ഉദാഹരണം 2:* വാളെടുത്ത് യുദ്ധത്തിന് പ്രേരിപ്പിക്കുന്ന ഒരു ഖത്തീബിന്റെ വീഡിയോ ചിത്രമാണ് മറ്റൊന്ന്. വെള്ളിയാഴ്ച ദിവസങ്ങളിൽ ലോകത്തുള്ള നിരവധി മുസ്ലിം പള്ളികളിൽ ജുമുഅ നിർവ്വഹിക്കപ്പെടുന്നുണ്ട്. അവിടങ്ങളിലൊക്കെ പരലോകവിജയം കൈവരിക്കാൻ ഇഹലോകജീവിതത്തിൽ ഒരു മനുഷ്യൻ എങ്ങനെയായിരിക്കണം എന്നാണ് പഠിപ്പിക്കപ്പെടുന്നത്. സാമ്രാജ്യശക്തികൾ പഠിപ്പിക്കുന്നതു പോലെ ലോക ജനതയെ ആകമാനം കൊന്നൊടുക്കുവാൻ ഖത്തീബുമാർ ആഹ്വാനം ചെയ്യാറില്ല. വിശുദ്ധ ഖുർആൻ അപ്രകാരം ഉപദേശിക്കുന്നില്ല. പ്രവാചകൻ മുഹമ്മദ് നബി (സ) അത്തരമൊരു നടപടി സ്വീകരിച്ചിട്ടില്ല. ധാരാളം മുസ്ലിംകൾ കൊന്നൊടുക്കപ്പെട്ടിട്ടും ഒട്ടനവധി പീഢനങ്ങൾ ഏൽപ്പിക്കപ്പെട്ടിട്ടും അങ്ങേയറ്റം അപഹാസിതനാവേണ്ടി വന്നിട്ടും പ്രവാചകൻ (സ) പ്രതികാര നടപടി സ്വീകരിച്ചില്ല. പ്രവാചകനെതിരെ അക്രമങ്ങൾ അഴിച്ചുവിട്ടവരോട് വിട്ടുവീഴ്ചയുടെ മന്ത്രധ്വനികളുയർത്തുകയാണ് ആ മഹാനുഭാവൻ ചെയ്തത്. **"إذهبوا وأنتم الطلقاء"** (*നിങ്ങൾക്ക് പോകാം; നിങ്ങൾ മോചിതരാണ്*) എന്ന ചരിത്രത്തിൽ തുല്യതയില്ലാത്ത പ്രഖ്യാപനമാണ് പ്രവാചകൻ നടത്തിയത്. അതാണ് ഇസ്ലാമിന്റെ മാർഗ്ഗം. അതാണ് മുസ്ലിംകൾ മാതൃകയാക്കുന്നതും മാതൃകയാക്കേണ്ടതും.

വിശുദ്ധ ഖുർആനും പ്രവാചകനും മുസ്ലിം പള്ളികളും പ്രസിദ്ധീകരണങ്ങളും പൂർണ്ണമായും ഭീകരതയി

ലധിഷ്ഠിതമാണെന്ന് വരുത്തിത്തീർക്കാനുള്ള അപഹാസ്യ നാടകമാണ് വിൽഡർസിന്റേത്. യൂറോപ്പിലാകമാനം അലയടിച്ചു കൊണ്ടിരിക്കുന്ന ഇസ്ലാമിക പ്രബോധനത്തിന് തടയിടുവാനുള്ള ശ്രമമായിട്ടാണ് യൂറോപ്പിലെ മുസ്ലിം പണ്ഡിതന്മാർ ഇതിനെ കാണുന്നത്. ഇസ്ലാമിക പ്രസിദ്ധീകരണങ്ങളും ഓഡിയോ വീഡിയോ സീഡികളും വിശേഷിച്ചും ഹോളണ്ടിൽ പ്രചുര പ്രചാരം നേടിക്കൊണ്ടിരിക്കുകയാണ്. ഈ സിനിമയുടെ ഫലമായി ഇസ്ലാമിനെ കുറിച്ച് പഠിക്കാൻ തയ്യാറായ മൂന്ന് യുവാക്കൾ മുസ്ലിംകളായി എന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഡച്ച് ഉൽപ്പന്നങ്ങൾക്ക് മുസ്ലിം രാജ്യങ്ങളിൽ വിലക്കേർപ്പെടുത്തിയേക്കുമെന്ന് ഭയപ്പെടുന്ന ഡച്ച് കമ്പനികൾ ഈ ക്ഷുദ്രസിനിമയുടെ നിർമ്മാതാവിനെ ശാസിക്കുകയുമായി.

ഇസ്ലാമിനെ ഭീകരതയുടെ പര്യായമായി അവതരിപ്പിക്കുന്നതും സഭ്യതയുടെയും നീതിബോധത്തിന്റെയും സീമകൾ ലംഘിക്കുന്നതുമായ ഈ ആവിഷ്ക്കാരത്തിനെതിരെ മുസ്ലിംകൾ മാത്രമല്ല ഇസ്ലാമേതര സംഘടനകളും സർക്കാറുകളും വ്യക്തികളും രംഗത്ത് വന്നത് വളരെ ശ്രദ്ധേയമായ ഒരു കാര്യമാണ്. ഹോളണ്ട് പ്രധാനമന്ത്രി അതിശക്തമായ ഭാഷയിലാണ് ഈ നടപടിയെ അപലപിച്ചത്. യൂറോപ്യൻ യൂണിയനും യുനൈറ്റഡ് നാഷൻസും ഇതിനെ അപലപിച്ചു. ഒരൊറ്റ ദൃശ്യമാധ്യമങ്ങളും ഈ സിനിമ പ്രദർശിപ്പിക്കാൻ തയ്യാറായില്ല. ഒടുവിൽ ഒരു വെബ്സൈറ്റ് മാത്രമാണ് ഇത് പുറം ലോകത്തെ കാണിക്കൻ വിൽഡർസിന് ലഭിച്ചത്.

''ബ്രസൽസിൽ ചേർന്ന യൂറോപ്യൻ പാർലമന്റ് ക്ഷുദ്ര സിനിമയെ അപലപിച്ചു. പ്രസിഡണ്ട് ഹാൻസ് ഗെർഡ് പോട്ടറിംഗ് അതി ശക്തമായ ഭാഷയിലാണ് ഡച്ച് പാർലമന്റ് മെമ്പറെ ആക്രമിച്ചത്. സിനിമയിലെ ഭാഗങ്ങൾ മുസ്ലിം സമുദായത്തിന്റെ വികാരത്തെ വ്രണപ്പെടുത്തുന്നതാണെന്ന് അദ്ദേഹം പറഞ്ഞു.'' (മുഫക്കിറാത്തുൽ ഇസ്ലാം 29/3/2008). അദ്ദേഹം തുടർന്നു. ''യൂറോപ്യൻ പാർലമെന്റിനു വേണ്ടി ഞാൻ പറയട്ടെ: ഇസ്ലാം അക്രമത്തിന്റെ മതമാണെന്ന ഈ സിനിമയുടെ സന്ദേശത്തെ ഞാൻ പൂർണ്ണമായും തള്ളി ക്കളയുന്നു.'' ഈ സിനിമയെ തള്ളികൊണ്ടുള്ള ഡച്ച് ഗവർമെന്റിന്റെ പ്രസ്താവന അദ്ദേഹം ഉദ്ദരിക്കുകയും ചെയ്തു.

ഡച്ച് പ്രധാനമന്ത്രി ശൈഖുൽ അസ്ഹറിനയച്ച ക ത്തിൽ ഈ സിനിമയുടെ പുനർനിർമ്മാണവും പ്രദർശ നവും തടഞ്ഞതായും ഫിലിം നിർമ്മാതാവിനെതിരെ ഡച്ച് കോടതികളിൽ കേസ് ഫയൽ ചെയ്തതായും അറിയിക്കുകയുണ്ടായി.

***ഫിലിം നിർമ്മാതാവിന്റെ ഉദ്ദേശം ഇപ്രകാരം നമുക്ക് വിലയിരുത്താം:***

1. പ്രസിദ്ധി, തിരഞ്ഞെടുപ്പിലെ വിജയം തുടങ്ങിയ വ്യക്തിപരമായ നേട്ടം.

2. ജൂതന്മാരെ പ്രീതിപ്പെടുത്തൽ. ദശലക്ഷക്കണക്കിന് ജൂതന്മാരെ കൊന്നൊടുക്കിയത് കൃസ്ത്യൻ സമുദായ ത്തിൽപ്പെട്ട ഹിറ്റ്ലറാണെന്ന കാര്യം സൗകര്യപൂർവ്വം വിസ്മരിക്കുകയാണ്. ഹിറ്റ്ലർ തന്റെ പുസ്തകത്തിൽ

ഇത് ദൈവകൽപനപ്രകാരമാണെന്ന് പറഞ്ഞതും ഇത്ര പെട്ടെന്ന മറക്കാൻ സാധിക്കുമോ? ഗാസയിലും മറ്റു പലസ്തീൻ പ്രവിശ്യകളിലും ജൂതന്മർ കൊന്നൊടുക്കി ക്കൊണ്ടിരിക്കുന്ന മുസ്ലിം ജനതയുടെ എണ്ണത്തിന് വല്ല കണക്കുമുണ്ടോ? ഗാസയിലെ ഓപറേഷനെ 'പൂർണ്ണ നശീകരണം'' (holocaust) എന്ന വിളിച്ച് ആത്മാഭി മാനം പ്രകടിപ്പിച്ചവരാണ് ജൂത വിഭാഗം എന്നതും എന്തിന് മറക്കുന്നു?

3. യൂറോപ്പിലാകമാനം ഇസ്ലാം പടർന്ന പന്തലിക്കുന്ന എന്ന പ്രചരിപ്പിച്ച് പാശ്ച്യാത്യൻ രാജ്യങ്ങളുടെ ശ്രദ്ധ പിടിച്ചു പറ്റുക.

## *മുസ്ലിംകൾ എങ്ങിനെ പ്രതിരോധിക്കണം?*

ഇത്തരം പ്രശ്നങ്ങളുണ്ടാവുമ്പോൾ അവ കാര്യ ങ്ങളെ വിവേചിച്ചറിയാവുന്ന പണ്ഡിതന്മാരിലേക്കും നേതാക്കളിലേക്കും മടക്കുവാനാണ് വിശുദ്ധ ഖുർആ നിന്റെ നിർദ്ദേശം.

**وَإِذَا جَاءَهُمْ أَمْرٌ من الأَمْن أو الْخَوْفِ أَذَاعُوا بِهِ وَلَوْ رَدوهُ إِلى الرَّسُـول وإِلى أُوْلِي الأَمر مِنْهُمْ لَعَلِمَهُ الذِينَ يَسْتَنبِطُونَهُ مِنْهُمْ وَلَوْ لا فَضْلُ اللهِ عَلَيْكُمْ وَرَحْمَتُهُ لاَتَّبَعْتُمُ الشَّيطَانَ إلا قَلِيلاً (النساء – 83)**

''സമാധാനവുമായോ (യുദ്ധ) ഭീതിയുമായോ ബന്ധ പ്പെട്ട വല്ല വാർത്തയും അവർക്ക് വന്നു കിട്ടിയാൽ അവരത് പ്രചരിപ്പിക്കുകയായി. അവരത് റസൂലിൻെറ യും അവരിലെ കാര്യ വിവരമുള്ളവരുടെയും തീരുമാ നത്തിന് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽ അത് നിരീക്ഷിച്ച് മനസ്സിലാക്കാൻ കഴിവുള്ളവർ

അതിൻെറ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊള്ളുമായിരുന്നു. നിങ്ങളുടെ മേൽ അല്ലാഹുവിൻെറ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ നിങ്ങളിൽ അൽപ്പം ചിലരൊഴികെ പിശാചിനെ പിൻപററുമായിരുന്നു.'' (വി.ഖു .4:83)

സ്വന്തം നാടുകളിൽ പ്രകടനങ്ങൾ നടത്തി സമാധാനന്തരീക്ഷം തകർത്ത് രക്തച്ചൊരിച്ചിലുകൾ സൃഷ്ടിക്കുന്നത് വിശ്വാസികൾക്ക് ഭൂഷണമല്ല. ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടാവുമ്പോൾ മാത്രം ഇസ്ലാമിക ആവേശവും പ്രവാചകസ്നേഹവും ഉണ്ടാവുന്നതിനു പകരം ചെറുതും വലുതുമായ മുഴുവൻ കാര്യങ്ങളിലും ഇസ്ലാമിക നിയമങ്ങൾ പാലിക്കാനും പ്രവാചക നിർദ്ദേശങ്ങൾ അനുസരിക്കാനും നാം തയ്യാറാവുക.

ഇസ്ലാമിനെക്കുറിച്ച് സ്വയം പഠിക്കാൻ നാം തയ്യാറാവുകയും ഇസ്ലാമിക പ്രബോധന നിർവ്വഹണത്തിൽ നിരതരാവുകയും ചെയ്യുക. ഇസ്ലാമിനെക്കുറിച്ച് പ്രചരിച്ചു കൊണ്ടിരിക്കുന്ന തെററിദ്ധാരണകൾ തിരുത്തുവാൻ ഇത്തരം നടപടികളിലൂടെ മാത്രമെ സാധ്യമാവൂ. വിമർശനങ്ങളെ വൈകാരികമായി നേരിടുന്നതിന് പകരം കൃത്യമായ പഠനങ്ങളിലൂടെ മറുപടികൾ കണ്ടെത്തി ജനസമൂഹങ്ങളെ ബോധവൽക്കരിക്കുക.

അല്ലാഹു നമ്മെ നേർമാർഗ്ഗത്തിലേക്ക് നയിക്കട്ടെ. അവൻ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

****************

islamhouse.com